## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 418 29.06.2015-ൽ മറുപടിയ്ക്ക്

# കാർഷികാവശ്യങ്ങൾക്കുള്ള വൈദ്യുതി സബ്സിഡി.

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. തിലോത്തമൻ :<br>ശ്രീ. വി. എസ്. സുനിൽ കുമാർ :<br>ശ്രീ. ഇ. ചന്ദ്രശേഖരൻ ;<br>ശ്രീ. കെ. രാജു : | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) | |
| (എ) | കാർഷികാവശ്യങ്ങൾക്കുള്ള വൈദ്യുതി സബ്സിഡി നിറുത്തലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; | (എ) | ഇല്ല. |
| (ബി) | വൈദ്യുതി സബ്സിഡി നൽകുന്ന പണം വൈദ്യുതി വകുപ്പിന് കൃഷി വകുപ്പ് നൽകുന്നുണ്ടോ ; ഇതിൽ എന്തുമാത്രം കുടിശ്ശികയുണ്ടെന്ന് വെളിപ്പെടുത്തുമോ ; | (ബി) | കാർഷികാവശ്യങ്ങൾക്കുള്ള വൈദ്യുതി ചാർജ്ജിൽ സബ്സിഡി അനുവദിച്ച വകയിൽ (31-03-2015 വരെ) കുടിശ്ശിക ഒന്നും തന്നെയില്ല. |
| (സി) | കൃഷിയെയും അനുബന്ധ മേഖലകളെയും ഏത് നിരക്കിലാണ് വൈദ്യുതി വകുപ്പ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ? | (സി) | കൃഷിക്കും അനുബന്ധ മേഖലകൾക്കുമുള്ള വൈദ്യുതി ചാർജ്ജ് **അനുബന്ധമായി** ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ.

U.S. Q. No. 418

## അനുബന്ധം-1

**എൽ ടി V - കാർഷികം**
**എൽ ടി V (എ) - കാർഷികം**

ധാന്യങ്ങൾ, പച്ചക്കറികൾ,പയർ വർഗ്ഗങ്ങൾ,പഴങ്ങൾ മുതലായവയുടെ കൃഷിക്കാവശ്യമായ ജലസേചനം, ലിഫ്റ്റ് ഇറിഗേഷൻ ,ഡീവട്ടറിങ്ങ് എന്നിവ.

| ഇനം | നിലവിലുള്ള നിരക്ക് |
|---|---|
| പ്രതിമാസ ഫിക്സഡ് ചാർജ്ജ് (രൂപ/കിലോവാട്ട്) | 8 |
| എനർജി ചാർജ്ജ് (രൂപ /യൂണിറ്റ്) | 2.00 |

എൽ ടി V (എ) യിൽ ഉൾപ്പെട്ടിട്ടുള്ള ഉപഭോക്താക്കൾക്ക് യൂണിറ്റിന് 85 പൈസാ നിരക്കിൽ ഗവൺമെൻറ് സബ്സിഡി നൽകി, 115 പൈസാ നിരക്കിലാണ് വൈദ്യുതി നൽകുന്നത്.

**എൽ ടി V (ബി ) - കാർഷികം**

കോഴി വളർത്തൽ, പട്ടുനൂൽപുഴു വളർത്തൽ, മുയൽ വളർത്തൽ എന്നീ കേന്ദ്രങ്ങളും, കന്നുകാലി വളർത്തൽ കേന്ദ്രം (കുറഞ്ഞത് അഞ്ചു കറവുമാടുകളെങ്കിലും ഉള്ളത്), പന്നി വളർത്തൽ കേന്ദ്രം (കുറഞ്ഞത് പ്രായപൂർത്തിയായ ആറു പന്നികളെങ്കിലും ഉണ്ടായിരിക്കണം). അക്വാകൾച്ചർ, സംയോജിത കന്നുകാലി വളർത്തലും പാൽ ഉൽപാദനവും നടത്തുന്ന കേന്ദ്രങ്ങൾ എന്നിവ.

| ഇനം | നിലവിലുള്ള നിരക്ക് |
|---|---|
| പ്രതിമാസ ഫിക്സഡ് ചാർജ്ജ് (രൂപ/കിലോവാട്ട്) | 8 |
| എനർജി ചാർജ്ജ് (രൂപ /യൂണിറ്റ്) | 2.50 |

## എച്ച്.ടി III - കാർഷികം

### എച്ച്.ടി III (എ)- കാർഷികം

ധാന്യങ്ങൾ, പച്ചക്കറികൾ,പയർ വർഗ്ഗങ്ങൾ,പഴങ്ങൾ മുതലായവയുടെ കൃഷിക്കാവശ്യമായ ജലസേചനം, ലിഫ്റ്റ് ഇറിഗേഷൻ ,ഡീവട്ടറിങ്ങ് എന്നിവ.

| ഇനം | നിലവിലുള്ള നിരക്ക് |
|---|---|
| പ്രതിമാസ ഡിമാൻറ് ചാർജ്ജ് (രൂപ/ കെ.വി.എ) | 170 |
| എനർജി ചാർജ്ജ് (രൂപ /യൂണിറ്റ്) | 280 |

### എച്ച്.ടി III (ബി)- കാർഷികം

കോഴി വളർത്തൽ, പട്ടുനൂൽപുഴു വളർത്തൽ, മുയൽ വളർത്തൽ എന്നീ കേന്ദ്രങ്ങളും, കന്നുകാലി വളർത്തൽ കേന്ദ്രം (കുറഞ്ഞത് അഞ്ചു കറവുമാടുകളെങ്കിലും ഉള്ളത്), പന്നി വളർത്തൽ കേന്ദ്രം (കുറഞ്ഞത് പ്രായപൂർത്തിയായ ആറു പന്നികളെങ്കിലും ഉണ്ടായിരിക്കണം). അക്വാകൾച്ചർ, സംയോജിത കന്നുകാലി വളർത്തലും പാൽ ഉൽപാദനവും നടത്തുന്ന കേന്ദ്രങ്ങൾ എന്നിവ.

| ഇനം | നിലവിലുള്ള നിരക്ക് |
|---|---|
| പ്രതിമാസ ഡിമാൻറ് ചാർജ്ജ് (രൂപ/ കെ.വി.എ) | 170 |
| എനർജി ചാർജ്ജ് (രൂപ /യൂണിറ്റ്) | 3.30 |

സെക്ഷൻ ഓഫീസർ.